<u>15 -ാം കേരള നിയമസഭ</u>

<u>2 -ാം സമ്മേളനം</u>

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 493</u>** **<u>13-08-2021 - ൽ മറുപടിയ്ക്ക്</u>**

**<u>ക്ഷേത്ര പുനരുദ്ധാരണത്തിന് കേന്ദ്ര പുരാവസ്തു വകുപ്പിന്റെ അനുമതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനും അറ്റകുറ്റപ്പണികൾക്കും കേന്ദ്ര പുരാവസ്തു വകുപ്പിന്റെ അനുമതി നിർബന്ധമാക്കിയിട്ടുണ്ടോ; | (എ) | കേന്ദ്ര പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകങ്ങളായി അടയാളപ്പെടുത്തിയിട്ടുള്ള ക്ഷേത്രങ്ങൾക്ക് മാത്രം പുനരുദ്ധാരണത്തിനും അറ്റകുറ്റപ്പണികൾക്കും കേന്ദ്ര പുരാവസ്തു വകുപ്പിൽ നിന്നുള്ള അനുമതി ആവശ്യമാണ്. |
| (ബി) | എങ്കിൽ ഇതിനായി ക്ഷേത്രങ്ങൾ സമർപ്പിക്കുന്ന അപേക്ഷയിൻമേൽ അനുമതി യഥാസമയം ലഭിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | പുരാവസ്തു വകുപ്പിന്റെ അനുമതി യഥാസമയം ലഭിക്കാത്തത് മൂലം അറ്റകുറ്റപ്പണികൾ നടത്താനാകാത്ത അവസ്ഥ ചിലയിടങ്ങളിൽ നിലവിലുണ്ട്. ഇത്തരത്തിൽ പുരാവസ്തു വകുപ്പിൽ നിന്നും അനുമതി ലഭ്യമാകുവാനുള്ള ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ നിർമ്മാണ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പുരാവസ്തു വകുപ്പിന്റെ അനുമതി യഥാസമയം ലഭിക്കാത്തത് മൂലം അറ്റകുറ്റപ്പണികൾ നടത്താനാകാതെ പൈതൃക മൂല്യം ഏറിയ ക്ഷേത്രനിർമ്മിതികൾ സംരക്ഷിക്കാൻ കഴിയാതെ വരുന്ന അവസ്ഥ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | പുരാവസ്തു വകുപ്പിന്റെ അനുമതി യഥാസമയം ലഭിക്കാത്തത് മൂലം അറ്റകുറ്റപ്പണികൾ നടത്താനാകാത്ത അവസ്ഥ ചിലയിടങ്ങളിൽ നിലവിലുണ്ട്. ഇത്തരത്തിൽ പുരാവസ്തു വകുപ്പിൽ നിന്നും അനുമതി ലഭ്യമാകുവാനുള്ള ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ നിർമ്മാണ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**തിരുവിതാംകൂർ ദേവസ്വം ബോർഡ്**

1. തിരുവല്ലം ശ്രീ പരശുരാമസ്വാമി ക്ഷേത്രവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തി.

**കൊച്ചിൻ ദേവസ്വം ബോർഡ്**

1. വടക്കുംനാഥൻ ക്ഷേത്രത്തിലെ കിഴക്കേ ഗോപുരത്തിന്റെ പുനരുദ്ധാരണം.
2. വടക്കുനാഥൻ ക്ഷേത്രത്തിലെ പടിഞ്ഞാറെ ഗോപുരത്തിന്റെ ചുമർ സുർക്കി ഉപയോഗിച്ച് റിപ്പയർ ചെയ്യുന്ന പ്രവൃത്തി.
3. വടക്കുംനാഥൻ ക്ഷേത്രത്തിലെ കൂത്തമ്പലത്തിന്റെ മേൽക്കൂരയുടെ പുനരുദ്ധാരണം.
4. തൃപ്രയാർ ക്ഷേത്രത്തിലെ കിഴക്കേ നടപ്പുരയുടെ നിലം കരിങ്കല്ല് (Granite stone) വിരിക്കുന്ന പ്രവൃത്തി.
5. തൃപ്രയാർ ക്ഷേത്രത്തിലെ സ്റ്റോങ്ങ് റൂം നിർമ്മിക്കുന്ന പ്രവൃത്തി.
6. തൃപ്രയാർ ക്ഷേത്രത്തിലെ ചുറ്റമ്പലത്തിന്റെ പുനരുദ്ധാരണം.
7. അരികന്നിയൂർ ശ്രീഹരികന്യകാ ദേവി ക്ഷേത്രത്തിലെ നമസ്കാര മണ്ഡപം പുനരുദ്ധാരണം.

ഇത് കൂടാതെ കേന്ദ്ര പുരാവസ്തു വകുപ്പ് നേരിട്ട് നടത്തേണ്ടതായിട്ടുള്ള കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള തിരുവഞ്ചിക്കുളം, പെരുവനം, പള്ളിമണ്ണ എന്നീ ക്ഷേത്രങ്ങളിലെ അറ്റകുറ്റപ്പണികളും നടത്തുവാനുണ്ട്.

**സെക്ഷൻ ഓഫീസർ**